കേരള സർക്കാർ

നമ്പർ.15744/ആർ.ഡി.1/07/ത.സ്വ.ഭ.വ

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 08/12/2009

# സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പത്രപരസ്യം നല്കുന്നത് സംബന്ധിച്ച്.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലും, കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും, സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലും മരാമത്ത് പണികൾക്ക് പത്രപരസ്യം നല്കുന്നതു സംബന്ധിച്ച നിലവിലുള്ള വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

| ചട്ടം | അടങ്കൽ തുക | കുറഞ്ഞ സമയ പരിധി | ദിനപ്പത്രം |
|---|---|---|---|
| 9 (3) (എ) | 1 ലക്ഷം രൂപയ്ക്കും 10 ലക്ഷം രൂപയ്ക്കും ഇടയിൽ | 10 ദിവസം | പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശത്ത് ഏറ്റവും കൂടുതൽ പ്രചാരമുള്ള ഒരു പത്രത്തിൽ നിർബന്ധമായും ആവശ്യമെങ്കിൽ മറ്റ് പത്രങ്ങളിലും |
| 9 (3) (ബി) | 10 ലക്ഷം രൂപയ്ക്കും 50 ലക്ഷം രൂപയ്ക്കും ഇടയിൽ | 20 ദിവസം | സംസ്ഥാനത്തുടനീളം പ്രചാരമുള്ള രണ്ട് മലയാള പത്രങ്ങളിൽ നിർബന്ധമായും ആവശ്യമെങ്കിൽ മറ്റ് പത്രങ്ങളിലും |
| 9 (3) (സി) | 50 ലക്ഷം രൂപയ്ക്ക് മേൽ | 20 ദിവസം | സംസ്ഥാനത്തുടനീളം പ്രചാരമുള്ള രണ്ട് മലയാള പത്രങ്ങളിലും ദേശീയ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും ആവശ്യമെങ്കിൽ മറ്റ് പത്രങ്ങളിലും |

മരാമത്ത് പണികൾ സംബന്ധിച്ചും, സാധന സാമഗ്രികൾ വാങ്ങുന്നതിന് നല്കുന്ന പത്രപ്പരസ്യങ്ങൾ സംബന്ധിച്ചും ചുവടെ പറയുന്ന വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശത്ത് ഏറ്റവും കൂടുതൽ പ്രചാരമുള്ള പത്രം എന്ന് മരാമത്ത് ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ളതിന് അതത് ജില്ലയിൽ ഏറ്റവും പ്രചാരമുള്ള മലയാള ദിനപ്പത്രം എന്ന് അർത്ഥമാക്കേണ്ടതാണ്.

2. പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതിന്, പ്രാദേശികമായി പ്രചാരമുള്ള ദിനപ്പത്രങ്ങളുടെ ലിസ്റ്റും സംസ്ഥാന വ്യാപകമായി പ്രചാരമുള്ള ദിനപ്പത്രങ്ങളുടെ ലിസ്റ്റും സംസ്ഥാനത്തൊട്ടാകെ പ്രചാരമുള്ള ഇംഗ്ലീഷ് ദിനപ്പത്രങ്ങളുടെ ലിസ്റ്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ആരംഭത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ അതത് ജില്ലയിലെ ജില്ല ഇൻഫർമേഷൻ ആഫീസറിൽ നിന്ന് ശേഖരിക്കേണ്ടതാണ്.

3. പത്രപരസ്യങ്ങൾ പത്രത്തിന്റെ പ്രചാരത്തിന്റെ അടിസ്ഥാനത്തിൽ വിവിധ പത്രങ്ങൾക്ക് നൽകേണ്ടത് പബ്ലിക് റിലേഷൻസ് വകുപ്പ് ലഭ്യമാക്കുന്ന പത്രങ്ങളുടെ ലിസ്റ്റിൽ നിന്ന് റൊട്ടേഷൻ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. റൊട്ടേഷൻ പാലിക്കുമ്പോൾ പ്രചാരം കുറഞ്ഞ പത്രങ്ങളെ ഒഴിവാക്കേണ്ടതാണ്.

4. പത്രപരസ്യങ്ങളിൽ പറയുന്ന സമയ പരിധി കൃത്യമായി പാലിക്കപ്പെടുന്നതിനായി പരസ്യങ്ങൾ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ട തീയതി പരസ്യം നൽകുന്നതോടൊപ്പം പത്ര സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്.

5. സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള പത്രപ്പരസ്യങ്ങളുടെ കാര്യത്തിൽ സ്റ്റോഴ്സ് പർച്ചേസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

6. പത്രങ്ങൾക്ക് പരസ്യ ചാർജ്ജ് നൽകുന്നത് പബ്ലിക് റിലേഷൻസ് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള നിരക്ക് പ്രകാരമായിരിക്കേണ്ടതാണ്.

7. ടെണ്ടർ/ക്വട്ടേഷൻ പരസ്യങ്ങൾ സംക്ഷിപ്തമായി പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

രാജേഷ്കുമാർ സിംഗ്
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ മേയർമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്തു സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എ്ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sd/-

സെക്ഷൻ ഓഫീസർ